ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 10-12-2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. വസുധൈവ കുടുംബകം സാർവ ത്രിക മനുഷ്യാവകാശങ്ങളുടെ ആശയത്തെ പ്രതിഫലിപ്പിക്കുന്നതായി രാഷ്ട്രപതി ദ്രൗപദി മുർമു.

**President Droupadi Murmu said that Vasudhaiva Kudumbakam reflects the idea of universal human rights.**

2. തിരഞ്ഞെടുപ്പ് പരിഷ്കരണത്തെ കുറിച്ചുള്ള ചർച്ച ലോക്സഭയിൽ ആരംഭിച്ചു. വന്ദേമാതരത്തിന്റെ 150 -ാം വാർഷികത്തോടനുബന്ധിച്ചുള്ള ചർച്ചയ്ക്ക് ഇന്ന് രാജ്യസഭയിൽ സമാപനം.

**Lok Sabha resume debate on Election Reforms; Rajya Sabha to discuss 150th Anniversary of the Song Vande Mataram.**

3. പ്രകാശത്തിന്റെയും സാഹോദര്യത്തിന്റെയും ഉത്സവമായ ദീപാവലിയെ അദൃശ്യ പൈതൃക പട്ടികയിൽ ഉൾപ്പെടുത്തി യുനെസ്കോ.

**Deepavali, one of India's foremost cultural and spiritual festivals, has been included in the UNESCO intangible cultural heritage list.**

4. കേരളത്തിൽ തദ്ദേശ തിരഞ്ഞെടുപ്പിന്റെ രണ്ടാം ഘട്ട വോട്ടെടുപ്പിനുള്ള ഒരുക്കങ്ങൾ പൂർത്തിയായി. തൃശൂർ മുതൽ കാസർകോട് വരെ ഏഴ് ജില്ലകൾ നാളെ പോളിംഗ്

ബൂത്തിലേക്ക്.

**Preparations for the second phase of the local body elections in Kerala have been completed. Seven districts from Thrissur to Kasaragod will go to the polling booths tomorrow.**

5. 16 വയസ്സിന് താഴെയുള്ള കുട്ടികളുടെ സമൂഹമാധ്യമ അക്കൗണ്ടുകൾ നിരോധിച്ച ആദ്യ രാജ്യമായി ഓസ്ട്രേലിയ.

**Australia becomes the first country to ban Social Media for teenagers under the age of 16.**

6. ഇന്ത്യ-ദക്ഷിണാഫ്രിക്ക ട്വന്റി -20 ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം നാളെ.

**The second match of the India–South Africa Twenty-20 cricket series will be held tomorrow.**

&&&&&&&&&&&&&&&&&&

**HEADLINE-2**

**PARLIAMENT -VAISHNAVU (INTRO)**

*പാർലമെന്റിന്റെ ശീതകാല സമ്മേളനം പുരോഗമിക്കുന്നു. തിരഞ്ഞെടുപ്പ് പരിഷ്കരണത്തെ കുറിച്ചുള്ള ചർച്ച ലോക്സഭയിൽ ആരംഭിച്ചു. രാജ്യസഭയിൽ ദേശീയ ഗീതമായ വന്ദേമാതരത്തിന്റെ 150 -ാം വാർഷികത്തോടനുബന്ധിച്ചുള്ള ചർച്ച ഇന്ന് സമാപിക്കും. ഇരുസഭകളിലും നടപടികൾ സുഗമമായി പുരോഗമിക്കുകയാണ്. അമൃത് ഭാരത് സ്റ്റേഷൻ പദ്ധതി പ്രകാരം രാജ്യത്ത് 160 റെയിൽവേ സ്റ്റേഷനുകളുടെ നവീകരണ പ്രവർത്തികൾ പൂർത്തിയായതായി റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് ലോക്സഭയിൽ ചോദ്യോത്തര വേളയിൽ അറിയിച്ചു. യാത്രാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും സുരക്ഷ വർദ്ധിപ്പിക്കുകയും ലക്ഷ്യമിട്ടാണ് സ്റ്റേഷനുകളിലെ പുനർവികസന പ്രവർത്തനങ്ങളെന്നും അദ്ദേഹം വ്യക്തമാക്കി.*

*(ഹോൾഡ് വോയിസ് - അശ്വിനി വൈഷ്ണവ്)*

&&&&&&&&&&&&&&&

**HEADLINE-3**

**DEEPAWALI – UNESCO**

പ്രകാശത്തിന്റെയും സാഹോദര്യത്തിന്റെയും ഉത്സവമായ ദീപാവലിയെ അദൃശ്യ പൈതൃക പട്ടികയിൽ ഉൾപ്പെടുത്തി യുനെസ്കോ. ന്യൂഡൽഹിയിലെ ചുവപ്പു കോട്ടയിൽ നടന്ന സാംസ്കാരിക പൈതൃക സംരക്ഷണത്തിനായുള്ള ഭരണകൂട ഐക്യസമിതിയുടെ 20 ആമത് സെഷനിലാണ് ഈ പ്രഖ്യാപനം. ദീപാവലിയെ യുനെസ്കോയുടെ ഐ.സി.എച്ച് പട്ടികയിൽ ഉൾപ്പെടുത്തണമെന്ന നിർദേശം ഇന്ത്യ മുന്നോട്ട് വെക്കുകയായിരുന്നു. ഓരൊ ഇന്ത്യക്കാരനും ഇത് വൈകാരിക നിമിഷമാണെന്ന് കേന്ദ്രമന്ത്രി ഗജേന്ദ്ര സിങ് ഷെഖാവത്ത് പറഞ്ഞു.

&&&&&&&&&&&&&&&

**INTERNATIONAL HUMAN RIGHTS DAY**

ഇന്ന് അന്താരാഷ്ട്ര മനുഷ്യാവകാശ ദിനം. 1948-ൽ ഐക്യരാഷ്ട്രസഭയുടെ പൊതുസഭ മനുഷ്യാവകാശങ്ങളുടെ സാർവത്രിക പ്രഖ്യാപനം അംഗീകരിച്ചതിന്റെ ഓർമയ്ക്കാണ് ഡിസംബർ 10 അന്താരാഷ്ട്ര മനുഷ്യാവകാശ ദിനമായി ആചരിക്കുന്നത്. എല്ലാവർക്കും പൊതു സേവനങ്ങളും അന്തസ്സും, മനുഷ്യാവകാശം നമ്മുടെ ദൈനംദിന അവശ്യം എന്നതാണ് ഈ വർഷത്തെ പ്രമേയം.

&&&&&&&&&&&&&&&

**HEADLINE-1**

**PRESIDENT (INTRO)**

***വസുധൈവ കുടുംബകം സാർവത്രിക മനുഷ്യാവകാശങ്ങളുടെ ആശയത്തെ പ്രതിഫലിപ്പിക്കുന്നതായി രാഷ്ട്രപതി ദ്രൗപദി മുർമു. ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടന്ന മനുഷ്യാവകാശ ദിനാചരണ പരിപാടിയിൽ സംസാരിക്കുകയായിരുന്നു ശ്രീമതി മുർമു. സ്ത്രീശാക്തീകരണമാണ് മനുഷ്യാവകാശങ്ങളുടെ പ്രധാന സ്തംഭമെന്നും രാഷ്ട്രപതി പറഞ്ഞു.***

*(വോയിസ് - രാഷ്ട്രപതി )*

&&&&&&&&&&&&&&&

## MICROSOFT-P M NARENDRA MODI

മൈക്രോസോഫ്റ്റിന്റെ ഏഷ്യയിലെ ഏറ്റവും വലിയ നിക്ഷേപത്തെ സ്വാഗതം ചെയ്ത് പ്രധാനമന്ത്രി നരേന്ദ്ര മോദി . മൈക്രോസോഫ്റ്റ് ഇതുവരെ നടത്തിയിട്ടുള്ളതിൽ വച്ച് ഏറ്റവും വലിയ നിക്ഷേപം നടത്തുന്ന ഇടമായി ഇന്ത്യ മാറുന്നതിൽ സന്തോഷമുണ്ടെന്ന് പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു . മൈക്രോസോഫ്റ്റ് ചെയർമാനും സിഇഒയുമായ സത്യ നാദെല്ലയുടെ സമൂഹ മാധ്യമ പോസ്റ്റിൽ പ്രതികരിക്കുകയായിരുന്നു ശ്രീ നരേന്ദ്ര മോദി.

&&&&&&&&&&&&&&&

## DGCA-INDIGO DIRECTIVE

ഇൻഡിഗോയുടെ ശൈത്യകാല വിമാന സർവീസുകൾ 10 ശതമാനം കുറയ്ക്കാൻ നിർദേശം നൽകി ഡയറക്ടറേറ്റ് ജനറൽ ഓഫ് സിവിൽ ഏവിയേഷൻ. തുടർച്ചയായ തടസ്സങ്ങളും അംഗീകൃത ഷെഡ്യൂൾ കാര്യക്ഷമമായി നടപ്പാക്കാൻ എയർലൈനിന് കഴിയാത്തതും ചൂണ്ടിക്കാട്ടിയാണ് തീരുമാനം. പുതുക്കിയ ഷെഡ്യൂൾ ഇന്ന് വൈകുന്നേരം 5 മണിക്കുള്ളിൽ സമർപ്പിക്കാൻ ഡിജിസിഎ നിർദേശം നൽകിയിട്ടുണ്ട്.

&&&&&&&&&&&&&&&

## VP-C RAJAGOPALACHARI

മുൻ ഗവർണർ ജനറലും പ്രമുഖ സ്വാതന്ത്ര്യസമര സേനാനിയുമായ സി. രാജഗോപാലാചാരിയുടെ ജന്മവാർഷികത്തിൽ ഉപരാഷ്ട്രപതി സി. പി. രാധാകൃഷ്ണൻ അദ്ദേഹത്തിന് ശ്രദ്ധാഞ്ജലി അർപ്പിച്ചു. ജനാധിപത്യ മൂല്യങ്ങളോടുള്ള അചഞ്ചലമായ പ്രതിബദ്ധതയിലൂടെ ഇന്ത്യയുടെ പൊതുജീവിതത്തെ രൂപപ്പെടുത്തിയ രാഷ്ട്രതന്ത്രജ്ഞനാണ് സി രാജഗോപാലാചാരി എന്ന് ഉപരാഷ്ട്രപതി സാമൂഹ്യമാധ്യമത്തിൽ കുറിച്ചു.

പ്രധാനമന്ത്രി നരേന്ദ്ര മോദിയും സി. രാജഗോപാലാചാരിക്ക് ശ്രദ്ധാഞ്ജലി അർപ്പിച്ചു.

&&&&&&&&&&&&&&&

**FISHERMEN FREED**

ശ്രീലങ്കൻ ജയിലുകളിൽ തടവിലായിരുന്ന 33 ഇന്ത്യൻ മത്സ്യത്തൊഴിലാളികളെ മോചിപ്പിച്ചു. തമിഴ്നാട്ടിലെ നാഗപട്ടണം, മയിലാടുതുറൈ, കോട്ടൈപട്ടണം, രാമേശ്വരം എന്നിവിടങ്ങളിൽ നിന്നുള്ള മത്സ്യത്തൊഴിലാളികളാണ് ജയിൽ മോചിതരായത്. സമുദ്രാതിർത്തി ലംഘിച്ചെന്ന് ആരോപിച്ച് ഇക്കഴിഞ്ഞ നവംബർ 3 നാണ് മത്സ്യത്തൊഴിലാളികളെ അറസ്റ്റ് ചെയ്തത്.

&&&&&&&&&&&&&&&

**SOUTH GOA-FIREWORKS BAN**

സൗത്ത് ഗോവയിലെ വിനോദസഞ്ചാര സ്ഥാപനങ്ങൾക്കുള്ളിൽ പടക്കങ്ങൾ, കരിമരുന്ന് പ്രയോഗങ്ങൾ ഉൾപ്പെടെയുള്ളവയ്ക്ക് നിരോധനമേർപ്പെടുത്തി ജില്ലാ മജിസ്ട്രേറ്റ് ഉത്തരവ് പുറപ്പെടുവിച്ചു. നിശാക്ലബ്ബുകൾ, ബാറുകൾ, റെസ്റ്റോറന്റുകൾ, ഹോട്ടലുകൾ വിനോദ സ്ഥാപനങ്ങൾ തുടങ്ങിയവയ്ക്ക് നിരോധനം ബാധകമാണ്. നോർത്ത് ഗോവ നിശാ ക്ലബിൽ 25 പേരുടെ മരണത്തിനിടയാക്കിയ തീപിടിത്തത്തെ തുടർന്നാണ് നടപടി.

&&&&&&&&&&&&&&&

**ബ്രേക്ക്**

**ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.....**

**(ബ്രേക്ക്)**

&&&&&&&&&&&&&&&

**HEADLINE-5**

**AUSTRALIAN TEENS-SOCIAL MEDIA BAN**

16 വയസ്സിന് താഴെയുള്ള കുട്ടികളുടെ സമൂഹമാധ്യമ അക്കൗണ്ടുകൾ നിരോധിച്ച ആദ്യ രാജ്യമായി ഓസ്ട്രേലിയ. നിരോധനം ലംഘിച്ചാൽ പുതിയ നിയമപ്രകാരം കമ്പനികൾക്ക് 32 മില്യൺ യുഎസ് ഡോളർ വരെ പിഴ ചുമത്തും. മാതാപിതാക്കളോ കുട്ടികളോ ശിക്ഷിക്കപ്പെടില്ല. ദോഷകരമായ ഉള്ളടക്കത്തിൽ നിന്ന് കുട്ടികളെ സംരക്ഷിക്കുക എന്നതാണ് നിരോധനത്തിന്റെ ലക്ഷ്യമെന്ന് സർക്കാർ വ്യക്തമാക്കി.

&&&&&&&&&&&&&&&

**US PRESIDENT AND SUPREME COURT**

തീരുവകൾ ചുമത്താനുള്ള തന്റെ അധികാരത്തെ പരിമിതപ്പെടുത്തുന്ന സുപ്രീം കോടതി വിധി ദേശീയ സുരക്ഷയ്ക്ക് ഭീഷണിയാകുമെന്ന് യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ്. യുഎസിന്റെ സാമ്പത്തിക സുരക്ഷയ്ക്ക് താരിഫുകൾ നിർണായകമാണെന്ന് ട്രംപ് സമൂഹമാധ്യമത്തിൽ കുറിച്ചു. തീരുവകൾ ചുമത്തുന്നതിനെതിയ ഏതൊരു തീരുമാനവും രാജ്യത്തെ സാമ്പത്തികസ്ഥിതി വഷളാക്കുമെന്നും യുഎസ് പ്രസിഡന്റ് ചൂണ്ടിക്കാട്ടി.

&&&&&&&&&&&&&&&

**STATE HUMAN RIGHTS DAY**

കേരളത്തിലും അന്താരാഷ്ട്ര മനുഷ്യാവകാശ ദിനത്തോട് അനുബന്ധിച്ച് വിപുലമായ പരിപാടികൾ നടന്നു. സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ സംഘടിപ്പിച്ച ദിനാഘോഷം മന്ത്രി പി രാജീവ് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്തു. പുതിയ കാലഘട്ടത്തിന്റെ വെല്ലുവിളികൾ നേരിടുമ്പോൾ മനുഷ്യാവകാശം എങ്ങനെ സംരക്ഷിക്കാം എന്നാണ് ചിന്തിക്കേണ്ടതെന്ന് മന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&

**HEADLINE-4**

**IIND PHASE POLLING**

തദ്ദേശ തിരഞ്ഞെടുപ്പിന്റെ രണ്ടാംഘട്ട വോട്ടെടുപ്പ് നാളെ നടക്കും. തൃശൂർ മുതൽ കാസർകോട് വരെയുള്ള ഏഴ് ജില്ലകളിൽ രാവിലെ 7 മുതൽ വൈകുന്നേരം 6 മണിവരെയാണ് വോട്ടെടുപ്പ്. ഇന്ന് നിശബ്ദ പ്രചാരണമാണ്. ഈ ജില്ലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും

സംസ്ഥാന സർക്കാർ ഓഫീസുകൾക്കും അവധി നൽകിയിട്ടുണ്ട്. തദ്ദേശ തിരഞ്ഞെടുപ്പിലെ ഇരു ഘട്ടങ്ങളിലേയും വോട്ടെണ്ണൽ ഈ മാസം 13-ന് നടക്കും.

&&&&&&&&&&&&&&&

**REPOLLING**

ആലപ്പുഴ, മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് അമ്പലക്കടവ് വാർഡിലെ ഒന്നാം പോളിംഗ് ബൂത്തായ മണ്ണഞ്ചേരി ഗവൺമെന്റ് ഹൈസ്കൂളിൽ നാളെ റീപോളിംഗ് നടത്തും. വോട്ടിംഗ് യന്ത്രത്തിലെ തകരാറുമൂലം ഇന്നലെ വോട്ടെടുപ്പ് പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യത്തിലാണ് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ തീരുമാനം. ഒന്നാം ഘട്ട വോട്ടെടുപ്പിൽ തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള ജില്ലകളിൽ 70.91 ശതമാനം പോളിങ്ങാണ് രേഖപ്പെടുത്തിയത്.

&&&&&&&&&&&&&&&

**SIR -KERALA**

സംസ്ഥാനത്ത് ഇന്നലെ വരെ രണ്ട് കോടി 73 ലക്ഷത്തി 67,000 ത്തിൽപ്പരം എന്യൂമറേഷൻ ഫോമുകൾ ഡിജിറ്റൈസ് ചെയ്തതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ U കേൽക്കർ അറിയിച്ചു. വിതരണം ചെയ്ത ഫോമുകളുടെ 98. 26 ശതമാനമാണിത്.

&&&&&&&&&&&&&&&

**HEADLINE-6**

**IND VS SA T20**

ഇന്ത്യ-ദക്ഷിണാഫ്രിക്ക ട്വന്റി - 20 പരമ്പരയിലെ രണ്ടാമത്തെ മത്സരം നാളെ. ചണ്ഡീഗഡിൽ രാത്രി 7 മണിക്കാണ് മത്സരം. ഇന്നലെ നടന്ന ആദ്യ മത്സരത്തിൽ 101 റൺസിന് ഇന്ത്യ ദക്ഷിണാഫ്രിക്കയെ പരാജയപ്പെടുത്തി. പരമ്പരയിൽ അഞ്ച് മത്സരങ്ങളാണ് ഉള്ളത്.

&&&&&&&&&&&&&&&

**HORNBILL - CLOSING**

26-ാമത് ഹോൺബിൽ മേള ഇന്ന് നാഗാലാൻഡിലെ കിസാമയിൽ സമാപിക്കും. ഉത്സവങ്ങളുടെ ഉത്സവം എന്നറയിപ്പെടുന്ന ഈ മേളയുടെ സമാപനത്തിനായി വൈകിട്ട് അഞ്ച് മണിക്ക് വർണാഭമായ ചടങ്ങുകളാണ് ഒരുക്കിയിരിക്കുന്നത്. മാൾട്ട, ഐർലൻഡ് എന്നീ രാജ്യങ്ങളുടെ ഇന്ത്യയിലെ ഹൈകമ്മീഷണർമാർ, സമാപന ചടങ്ങിൽ പങ്കെടുക്കും. നാഗാലാൻഡിന്റെ സാംസ്കാരിക പൈതൃകം ലോകത്തിന് പരിചയപ്പെടുത്തുന്നതിനാണ് എല്ലാ വർഷവും ഡിസംബറിൽ 10 ദിവസത്തെ ഹോൺബിൽ മേള സംഘടിപ്പിക്കുന്നത്.

&&&&&&&&&&&&&&&

**PM-PARIKSHA PE CHARCHA**

പരീക്ഷാ സമ്മർദം കുറയ്ക്കുന്നതിന് പ്രധാനമന്ത്രി നരേന്ദ്രമോദി വിദ്യാർത്ഥികളും അധ്യാപകരുമായി സംവദിക്കുന്ന പരീക്ഷ പേ ചർച്ച പരിപാടിയുടെ ഒമ്പതാം പതിപ്പിന് മുന്നോടിയായയുള്ള ഓൺലൈൻ പ്രശ്നോത്തരി പുരോഗമിക്കുന്നു. 6 മുതൽ 12 വരെ ക്ലാസുകളിലെ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും രക്ഷിതാക്കൾക്കും MyGov പോർട്ടലിലൂടെ ജനുവരി 11 വരെ മത്സരത്തിൽ പങ്കെടുക്കാം.

&&&&&&&&&&&&&&&

**MEHUL CHOKSI**

ഇന്ത്യയ്ക്ക് കൈമാറുന്നതിനെതിരെ ആന്റ്‌ വെർപ്പിൽ അറസ്റ്റിലായ ഇന്ത്യൻ വംശജൻ മെഹുൽ ചോക്സി നൽകിയ അപ്പീൽ ബെൽജിയൻ ഉന്നത കോടതി തള്ളി. ചോക്സിയുടെ ഹർജി പരിഗണിച്ച ബെൽജിയൻ കോടതി ഇന്ത്യയ്ക്ക് അനുകൂലമായി വിധിക്കുകയും ചെയ്തു. അറസ്റ്റിലായതിനെ തുടർന്ന് ഈ വർഷം ഏപ്രിൽ മുതൽ ആന്റ് വെർപ്പിലെ ജയിലിലാണ് ചോക്സി.

&&&&&&&&&&&&&&&

**WOMENS HOCKEY**

FIH ഹോക്കി ജൂനിയർ വനിതാ ലോകകപ്പ് യോഗ്യതാ മത്സരത്തിൽ ഉറുഗ്വേയെ പരാജയപ്പെടുത്തി ഇന്ത്യ. സാന്റിയാഗോയിൽ

നടന്ന മത്സരത്തില്‍ ഓരോ ഗോള്‍ നേടി സമനിലയില്‍ അവസാനിച്ച കളിയില്‍ ഷൂട്ടൗട്ടിലൂടെ ഒന്നിനെതിരെ മൂന്നു ഗോളുകള്‍ക്കാണ് ഇന്ത്യ വിജയിച്ചത്. നാളെ നടക്കുന്ന മത്സരത്തില്‍ ഇന്ത്യ സ്പെയിനിനെ നേരിടും.

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&